ഫിക്കററുകൾ തുടങ്ങി പല രംഗങ്ങളിലേക്കും മലയാളം വ്യാപിപ്പിക്കേണ്ടതുണ്ട്.

എസ്റ്റിമേററ്സ് കമ്മിററിയുടെ റിപ്പോർട്ട്, ഏറെക്കാലമായി നിർജീവമായിക്കിടന്ന ഭരണഭാഷാരംഗത്തു പുതിയ ചലനങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാകുമെന്നു വിശ്വസിക്കാം. പക്ഷേ, 'ചലനം' എന്നതിനു പുരോഗതി എന്ന് അർത്ഥമില്ല. എക്സിക്യൂട്ടീവിൻെറ ദൃഢനിശ്ചയം കൊണ്ടേ ഭരണനിർവഹണത്തിൽ ഇത്തരം അടിസ്ഥാനപരമായ മാററങ്ങൾ നടപ്പിൽവരു. സ്റ്റേററിലെ മുഖ്യ എക്സിക്യൂട്ടീവ് എന്ന നിലയിൽ മുഖ്യമന്ത്രിയുടെ ചുമതലയാണ ഭരണം പ്രാദേശിക ഭാഷയിലൂടെയാക്കുക എന്നതു്. മുഖ്യമന്ത്രിക്കു താല്പര്യമുണ്ടെങ്കിൽ (താല്പര്യം മാത്രം പോരാ, കഴിവുകൂടിയുണ്ടെങ്കിൽ) മൗലികമായ ഈ ജനാധിപത്യപരിഷ്കാരം കേരളത്തിൽ ചുരുങ്ങിയ സമയത്തിനകം യാഥാർത്ഥ്യമായിത്തീരുന്നതിനു് ഒരു തടസ്സവും ഞാൻ കാണുന്നില്ല.

(21 ഓഗസ്റ്റ്, 1983)

# 54. വിശ്വ ഹിന്ദിസമ്മേളനം

ഇംഗ്ലീഷിലൂടെ വിദ്യാഭ്യാസം നേടുന്നതു നിമിത്തം നമ്മുടെ ബൗദ്ധിക ചേതന ജീവിതത്തിൽനിന്നു വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. നാം നമ്മുടെ ജനതയിൽനിന്നു വേർപെട്ടുപോയിരിക്കുന്നു. നമ്മുടെ വർഗത്തിലെ ഏററവും മികച്ച മസ്തിഷ്കങ്ങളുടെ വികാസം തടയപ്പെട്ടിരിക്കുന്നു. ഇംഗ്ലീഷിലൂടെ ലഭിച്ച ചിന്തകൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിൽ നാം പരാജയപ്പെട്ടിരിക്കുന്നു. കഴിഞ്ഞ അറുപതു വർഷങ്ങളിൽ നാം പഠിച്ചതു വിചിത്രങ്ങളായ ചില ശബ്ദങ്ങൾ ഉച്ചരിക്കുവാൻ മാത്രമാണ്. സത്യമായ ജ്ഞാനം ദഹിപ്പിച്ച് സ്വാംശീകരിക്കുന്നതിനു പകരം നാം പദങ്ങളുടെ ഉച്ചാരണം അഭ്യസിക്കുകയാണുണ്ടായതു്. ഇംഗ്ലീഷ് സംസാരിക്കുന്നതു നമ്മുടെ ഒരു സ്വഭാവമായിക്കഴിഞ്ഞിരുന്നില്ലെങ്കിൽ, ഈ സത്യം മനസ്സിലാക്കാൻ നമുക്കു പ്രയാസമുണ്ടാകുമായിരുന്നില്ല. പിതൃ—പിതാമഹന്മാരിൽനിന്നു നമുക്കു കൈവന്ന പൈതൃകത്തെ അസ്ഥിവാരമാക്കി പുതിയ ഒരു സംസ്കാരം പടുത്തുയർത്തുന്നതിനു പകരം, നാം ആ പൈതൃകത്തെ മറക്കാൻ പഠിക്കുകയാണുണ്ടായതു്. ഇത്തരം അധഃപതനത്തിൻെറ മറെറാരു ഉദാഹരണം ലോകചരിത്രത്തിൽ എങ്ങും കാണാൻ സാദ്ധ്യമല്ല. ഇതൊരു ദേശീയ ദുരന്തമത്രേ. നമ്മുടെ പ്രാദേശിക ഭാഷകളിലേക്കു മടങ്ങുകയും, ഹിന്ദിയെ രാഷ്ട്രഭാഷയുടെ പദവിയിൽ പ്രതിഷ്ഠിക്കുകയുമാണ് ഇന്നു നാം ചെയ്യേണ്ട ഏററവും വലിയ സമൂഹസേവനം. പ്രാദേശിക കാര്യങ്ങൾ എല്ലാം നാം പ്രാദേശിക ഭാഷകളിലൂടെ ചെയ്യണം. രാഷ്ട്രത്തിനു പൊതുവായ കാര്യങ്ങൾക്കുള്ള ഭാഷ ഹിന്ദി ആയിരിക്കണം. നമ്മുടെ സ്കൂളുകളിലും കോളജുകളിലും വിദ്യാഭ്യാസം പ്രാദേശികഭാഷകളിലൂടെ നല്കിത്തുടങ്ങും വരെ, വിശ്രമിക്കാൻ നമുക്ക് അവകാശമില്ല.

മഹാത്മാഗാന്ധി ഇതെഴുതിയതു് 1917—ൽ ആണ്. സുചിന്തിതമായ ഈ നിർണയത്തിൽനിന്നു രാഷ്ട്രപിതാവ് ഒരിക്കലും വ്യതിചലിക്കുകയുണ്ടായില്ല. ദക്ഷിണേന്ത്യയിലെ അഹിന്ദി—സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനു് അദ്ദേഹം ദക്ഷിണഭാരത ഹിന്ദി പ്രചാര സഭ സ്ഥാപിക്കുകയും, തൻെറ പുത്രനായ ദേവദാസ് ഗാന്ധിയെ ഹിന്ദി

പ്രചാരകനായി തമിഴ്നാട്ടിലേക്ക് അയയ്ക്കുകയുംചെയ്തു. ഹിന്ദി മാതൃഭാഷയായി വ്യവഹരിക്കപ്പെട്ടുവരുന്ന പ്രദേശങ്ങളിലും, മാതൃഭാഷ മറ്റൊന്നാണെങ്കിലും സംസാരഭാഷയെന്ന നിലയിൽ ഹിന്ദി സാർവത്രികമായി പ്രചരിക്കുന്ന പ്രദേശങ്ങളിലും, ഹിന്ദിക്കു ദേശീയജീവിതത്തിൽ ഉചിതസ്ഥാനം നേടിക്കൊടുക്കുന്നതിനു വർധ കേന്ദ്രമാക്കി ഒരു 'രാഷ്ട്ര ഭാഷാ പ്രചാരസമിതി'യും മഹാത്മാഗാന്ധി സ്ഥാപിച്ചു.

ഗാന്ധിയുടെ സ്വപ്നങ്ങൾ പലതും ഇനിയും സാക്ഷാല്ക്കരിക്കപ്പെട്ടിട്ടില്ല. നമ്മുടെ ഭരണഘടനയുടെ അവഗണിക്കപ്പെട്ട ഏതാനും ഖണ്ഡികകളിൽ, ഹിന്ദിയെയും പ്രാദേശികഭാഷകളെയും സംബന്ധിച്ച ഗാന്ധിയുടെ സ്വപ്നം, മററു പല സ്വപ്നങ്ങളുടെയും കൂട്ടത്തിൽ, ഇപ്പോഴും പുതഞ്ഞു കിടക്കുന്നു.

ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളുടെ ഭാഷ മാത്രമല്ല ഹിന്ദി. ഇന്ത്യക്കു പുറമെ പല രാജ്യങ്ങളിലുമുള്ള ജനങ്ങളുടെ മാതൃഭാഷ കൂടിയാണ് അതു്. നേപ്പാളിലെ ജനങ്ങളിൽ ഏതാണ്ടു പകുതിയോളം ഹിന്ദി സംസാരിക്കുന്നു. ഫിജി, മൊറീഷ്യസ്, സുരീനാം മുതലായ പല രാജ്യങ്ങളിലുമുണ്ട് ഹിന്ദി സംസാരിക്കുന്ന വലിയ ജനവിഭാഗങ്ങൾ. കോളനികൾ സ്വാതന്ത്ര്യം നേടിയതോടെ, അവയിൽ അധികാരം പുലർത്തിയിരുന്ന യൂറോപ്യൻ രാജ്യങ്ങളിലേക്കു കൂട്ടമായി മാറിപ്പാർത്ത കോളനിനിവാസികളിൽ ഹിന്ദി സംസാരിക്കുന്ന ഭാരതീയവംശജർ ഒട്ടുവളരെയുണ്ടായിരുന്നു. ഹോളണ്ട്, ബ്രിട്ടൻ എന്നീ രാജ്യങ്ങളിൽ ഇപ്പോൾ ഗണ്യമായ ഒരു ന്യൂനപക്ഷത്തിന്റെ മാതൃഭാഷ ഹിന്ദി ആകുന്നു. ഇന്ത്യക്കു പുറത്തുള്ള ഈ ഹിന്ദി—ഭാഷികളെ സംബന്ധിച്ചിടത്തോളം മതം, സംസ്കാരം എന്നിവയുടെ ഭാഷയത്രേ ഹിന്ദി. തങ്ങളുടെ പൈതൃകത്തെപ്പററി മനസ്സിലാക്കാനും, ആ പൈതൃകത്തിലേക്കു തനതായ സംഭാവനകൾ നല്കുവാനും, ഇവർക്കുള്ള മാദ്ധ്യമം ഹിന്ദിയാകുന്നു. ഈ പ്രദേശങ്ങളിൽ ഹിന്ദി പഠിക്കുവാൻ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുകയും, ഹിന്ദി മാദ്ധ്യമത്തിലൂടെ പ്രാചീനവും സമകാലികവുമായ ഭാരതീയസാഹിത്യം അവിടങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്യേണ്ടതു് ഇന്ത്യാഗവണ്മെൻറിന്റെ ബാധ്യതയാണ്.

ലോകത്തിലെ വലിയ ജനാധിപത്യരാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ദക്ഷിണേഷ്യയിലെ ഏററവും പ്രബലവും വ്യവസ്ഥാപിതവുമായ രാജ്യവും ഇന്ത്യതന്നെ. അതിപ്രാചീനവും അനുസ്യൂതവുമായ ഒരു സംസ്കാരമാണ് ഇന്ത്യയുടേതു്. ലോകസംസ്കാരത്തിന്റെ അത്യുജ്ജ്വലമായ ഒരു അദ്ധ്യായമത്രേ ഇന്ത്യൻ സംസ്കാരം. അതിനാൽ ഭാരതീയ സംസ്കാരത്തെപ്പററി മനസ്സിലാക്കുന്നതിനു ലോകത്തെങ്ങുമുള്ള മനീഷികൾക്കു താല്പര്യമുണ്ട്. ഇന്ത്യയുടെ പ്രാചീനസംസ്കാരത്തെപ്പററി പഠിക്കുന്നതിനു സംസ്കൃതം, പാലി, പ്രാകൃതം എന്നീ ഭാഷകളിലുള്ള സാഹിത്യസമുച്ചയത്തെയാണ് ആശ്രയിക്കേണ്ടതെങ്കിൽ, സമകാലിക ഭാരതീയ സംസ്കാരത്തെപ്പററി പഠിക്കുന്നതിനു പ്രാദേശിക ഭാഷകളെ, പ്രധാനമായും ഹിന്ദിയെ, അവലംബിക്കേണ്ടിയിരിക്കുന്നു. മററു രാജ്യങ്ങളിലുള്ള പ്രശസ്തങ്ങളായ സർവകലാശാലകളിലും വിദ്യാസ്ഥാപനങ്ങളിലും ഹിന്ദിഭാഷയുടെ പഠനത്തിനും, ഭാരതീയസംസ്കാരഗവേഷണത്തിനുമുള്ള വകുപ്പുകൾ നിലവിൽ വന്നിട്ടുണ്ട്. മുപ്പതു രാജ്യങ്ങളിൽ ഹിന്ദി പഠിപ്പിച്ചുവരുന്നു. നൂറിലേറെ വിദേശീയ സർവകലാശാലകളിൽ ഹിന്ദി പഠനവും ഭാരതീയ സംസ്കാരം സംബന്ധിച്ച ഗവേഷണവും നടക്കുന്നു. വളരെയധികം പണ്ഡിതന്മാർ ഈ വിദ്യാകേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുകയുംചെയ്യുന്നു. ഇവർക്കു പരസ്പരം അറി

യാനും ആശയവിനിമയത്തിനുമുള്ള അവസരങ്ങരം കൂടെക്കൂടെ സൃഷ്ടിച്ചു കൊടുക്കേണ്ടതും നമ്മുടെ ചുമതലയാകുന്നു.

വർധയിലെ രാഷ്ട്രഭാഷാ പ്രചാരസമിതി 1975 ജനുവരിയിൽ നാഗപ്പൂരിൽ ഒരു 'വിശ്വഹിന്ദി സമ്മേളനം' സംഘടിപ്പിച്ചതു് ഈ ഉദ്ദേശങ്ങളെല്ലാം മുന്നിൽവച്ചാണു്. അന്നു് മൊറീഷ്യസിലെ പ്രധാന മന്ത്രിയായിരുന്ന സർ ശിവസാഗർ രാമഗൂലാമിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഈ സമ്മേളനത്തിൽ മുപ്പതു രാജ്യങ്ങളിൽനിന്നു നൂററിരുപത്തി രണ്ടു വിദേശീയ പ്രതിനിധികളും മൂവായിരത്തിലധികം ഇന്ത്യൻ പ്രതിനിധികളും പങ്കെടുത്തിരുന്നു. സുദീർഘങ്ങളായ ചർച്ചകരംക്കശേഷം ഈ സമ്മേളനം മൂന്നു തീരുമാനങ്ങളെടുത്തു: 1. ഐക്യരാഷ്ട്രസമിതിയുടെ ഔദ്യോഗികഭാഷകളിലൊന്നായി ഹിന്ദി അംഗീകരിക്കപ്പെടണം. 2. അന്താരാഷ്ട്രീയതലത്തിലുള്ള ഹിന്ദിപഠനങ്ങരം ഏകോപിപ്പിച്ചു നടത്തുന്നതിനായി ഒരു 'വിശ്വഹിന്ദി വിദ്യാപീഠം' വർധയിൽ സ്ഥാപിക്കണം. 3. ഈ തീരുമാനങ്ങരം നടപ്പിൽ വരുത്തുന്നതിനു തുടർന്നു പ്രവർത്തിക്കാനായി ഒരു സ്ഥിരം സംഘടന രൂപവൽക്കരിക്കണം.

വർധയിലെ സമ്മേളനത്തിൽനിന്നു് ഉളവായ ആവേശം, 1976 ഓഗസ്റ്റിൽ മൊറീഷ്യസിൽ രണ്ടാം 'വിശ്വഹിന്ദി സമ്മേളനം' സംഘടിപ്പിക്കുന്നതിനു കാരണമായി. ഇന്ത്യയിൽനിന്നും വേറെ ഇരുപതു രാജ്യങ്ങളിൽനിന്നുമായി അഞ്ഞൂറിലേറെ പ്രതിനിധികരം പങ്കെടുത്ത മൊറീഷ്യസ് സമ്മേളനമാണു് ഹിന്ദിയെ സംബന്ധിച്ചു് ഇന്ത്യയ്ക്കു പുറമെ സംഘടിപ്പിക്കപ്പെട്ട ആദ്യത്തെ സമ്മേളനം. 'വസുധൈവ കുടുംബകം' എന്നതു് വിശ്വഹിന്ദി സമ്മേളനത്തിന്റെ മുദ്രാവാക്യമായി ഇവിടെവച്ചു് അംഗീകരിക്കപ്പെട്ടു. 1. മൊറീഷ്യസിൽ ഒരു വിശ്വഹിന്ദി കേന്ദ്രം സ്ഥാപിക്കണമെന്നും 2. ഹിന്ദിയിൽ ഒരു അന്താരാഷ്ട്രീയ പത്രിക പ്രസിദ്ധീകരിക്കണമെന്നുമുള്ള രണ്ടു തീരുമാനങ്ങളാണു് ഈ സമ്മേളനത്തിൽ നടന്ന ചർച്ചകളിൽനിന്നു് ഉരുത്തിരിഞ്ഞുവന്നതു്.

ഈ തീരുമാനങ്ങരം ഒന്നും നടപ്പിൽ വന്നില്ല. പിന്നീടു് ഏഴു കൊല്ലത്തേക്കു 'വിശ്വ ഹിന്ദി സമ്മേളനം' സംബന്ധിച്ച ഒരു പ്രവർത്തനവും നടക്കുകയുണ്ടായില്ല.

ഇക്കഴിഞ്ഞ ഒക്ടോബർ 28, 29, 30 തീയതികളിൽ ഡൽഹിയിൽ നടന്ന മൂന്നാം വിശ്വഹിന്ദി സമ്മേളനത്തെ നാം നോക്കിക്കാണേണ്ടതു് ഈ പരിപ്രേക്ഷ്യത്തിലാണു്. ഒന്നാം സമ്മേളനം സംഘടിപ്പിച്ച വർധയിലെ രാഷ്ട്രഭാഷാപ്രചാരസമിതിതന്നെയാണു് ഡൽഹി സമ്മേളനവും സംഘടിപ്പിച്ചതു്. കേംബ്രിജ് സർവകലാശാലയിലെ ഹിന്ദി വിഭാഗാദ്ധ്യക്ഷനായ പ്രൊഫ. മാക്ഗ്രിഗോർ പൊതു—അദ്ധ്യക്ഷനായിരുന്ന ഈ സമ്മേളനം വിശാലമായ ഇന്ദ്രപ്രസ്ഥ സ്റ്റേഡിയത്തിൽ പ്രധാന മന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ഉദ്ഘാടനംചെയ്തു. ഇന്ത്യാഗവണ്മെൻറ് വർധയിൽ ഒരു ഹിന്ദി വിദ്യാപീഠം സ്ഥാപിക്കുന്നതാണെന്നു് ഉദ്ഘാടന പ്രസംഗത്തിൽ ശ്രീമതി ഇന്ദിരാഗാന്ധി പ്രഖ്യാപിച്ചു. ഐക്യരാഷ്ട്രസമിതിയുടെ ഔദ്യോഗികഭാഷകളിലൊന്നു് എന്ന പദവി ഹിന്ദിക്കു കൈവരുത്തുന്നതിനെപ്പററി ഇന്ദിരാഗാന്ധി പറഞ്ഞതു്, അതു് ആവശ്യമെങ്കിലും അതിലേറെ ആവശ്യം ഹിന്ദി സാഹിത്യത്തെ, പ്രത്യേകിച്ചും ഹിന്ദിയിലെ വൈജ്ഞാനികസാഹിത്യത്തെ, പോഷിപ്പിക്കുകയാണെന്നാണു്. ഭാരതീയ ശാസ്ത്രജ്ഞന്മാർ ആശയവിനിമയത്തിനുള്ള മാദ്ധ്യമമായി ഹിന്ദി ഉപയോഗിച്ചുതുടങ്ങുമ്പോരം ഹിന്ദിയുടെ അന്താരാഷ്ട്രീയ പ്രാധാന്യം തനിയേ വർദ്ധിക്കുമെന്നു് പ്രധാനമന്ത്രി പറഞ്ഞു. ഹിന്ദി എന്നതുകൊണ്ടു താനുദ്ദേശിക്കുന്നതു് എല്ലാ ഭാരതീയ ഭാഷകളെയുമാണെന്നും ഇന്ദിരാഗാന്ധി വ്യക്തമാക്കി. 'ഭാരതീയ ഭാഷകളാ

കുന്ന നദികൾ ഒഴുകിച്ചേർന്നു നിറയുന്ന സമുദ്രമാണു ഹിന്ദി' എന്ന രവീന്ദ്രനാഥ ടാഗോറിൻെറ വാക്യം ഉദ്ധരിച്ചുകൊണ്ട്, എല്ലാ ഭാരതീയ ഭാഷകളുടെയും സമൃദ്ധിയിലൂടെ മാത്രമേ ഹിന്ദി സമ്പന്നമാവൂ എന്നു് ശ്രീമതി ഗാന്ധി സമർത്ഥിച്ചു. നാല്പതു രാജ്യങ്ങളിൽനിന്നു് ഇരുനൂറോളം വിദേശപ്രതിനിധികളടക്കം നാലായിരത്തോളം പ്രതിനിധികൾ ഈ മൂന്നാം വിശ്വ ഹിന്ദി സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. സമ്മേളനത്തിൻെറ ലക്ഷ്യങ്ങൾ കൈവരുത്തുന്നതിനായി സ്ഥിരമായി പ്രവർത്തിക്കാൻ വിദേശീയരും ഭാരതീയരുമായ അംഗങ്ങൾ അടങ്ങിയ ഒരു സമിതി രൂപവൽക്കരിച്ചതായി സമ്മേളനാവസാനത്തിൽ പ്രഖ്യാപിച്ചു.

ഇന്ത്യയിൽ ഹിന്ദിക്കു പ്രാധാന്യം നൽകുകയെന്നതിനു് അർത്ഥം മററു പ്രാദേശികഭാഷകളുടെ പ്രാധാന്യം കുറയ്ക്കുകയല്ലെന്നും, മറിച്ച്, എല്ലാ പ്രാദേശികഭാഷകൾക്കും അവയ്ക്കവകാശപ്പെട്ട പദവി നേടിയെടുക്കുക കൂടിയാണെന്നും ഊന്നിപ്പറയുന്നവയായിരുന്നു സമ്മേളനത്തിലെ ഔദ്യോഗിക പ്രസംഗങ്ങളെല്ലാം. ഭാരതീയസാഹിത്യത്തിനും ഹിന്ദി ഭാഷയ്ക്കും നൽകിയ സേവനങ്ങളെ പുരസ്കരിച്ച്, സമ്മേളനം ബഹുമതി മുദ്രകൾ നൽകി ആദരിച്ച നാല്പത്തൊന്നു വ്യക്തികളിൽ ഇരുപത്തെട്ടു പേരെങ്കിലും ഹിന്ദി മാതൃഭാഷയല്ലാത്തവരാണു്. സോവ്യററ് യൂണിയൻ, ഇററലി, ചൈന, പാക്കിസ്ഥാൻ, തായ്‌ലൻഡ്, ശ്രീലങ്ക, മൊറീഷ്യസ്, ഫിജി എന്നീ രാജ്യങ്ങളിലെ പ്രശസ്തരായ ചില ഹിന്ദി പണ്ഡിതന്മാരും ഇക്കൂട്ടത്തിൽപ്പെട്ടിരുന്നു.

സമ്മേളനത്തോടു് അനുബന്ധിച്ചു സംഘടിപ്പിക്കപ്പെട്ടിരുന്ന പുസ്തക പ്രദർശനം, ഭരണതലത്തിൽ ഹിന്ദി നടപ്പാക്കുന്നതിൽ വന്നുകൊണ്ടിരിക്കുന്ന പുരോഗതിയെ വ്യക്തമാക്കാൻ മുഖ്യമായും ഉദ്ദേശിച്ചുള്ളതായിരുന്നു. അതോടൊപ്പം, സാഹിത്യതലത്തിലും വിജ്ഞാനതലത്തിലും ഹിന്ദി നേടിക്കൊണ്ടിരിക്കുന്ന അഭിവൃദ്ധിയെപ്പററിയും ഏതാണ്ടൊരു ബോധം ഉളവാക്കാൻ ഈ പ്രദർശനം ഉപകരിച്ചു. നാലു വലുപ്പത്തിലും വ്യത്യസ്ത മാതൃകയിലുമുള്ള ടൈപ്പുകൾ ഉപയോഗിച്ചു തയ്യാറാക്കിയ ഹിന്ദി ടൈപ്പ്റൈററർ യന്ത്രങ്ങൾ അവിടെ കാണുകയുണ്ടായി. ഡി. സി. എം. കമ്പനി നിർമിച്ചു പ്രദർശിപ്പിച്ചിരുന്ന 'സിദ്ധാർത്ഥ' കമ്പ്യൂട്ടർ ആയിരുന്നു പ്രദർശനത്തിലെ മറെറാരാകർഷണം. നാഗരിലിപി ഉപയോഗിച്ച് ഏതാണ്ട് 125 പേജുകളിൽ ഉൾക്കൊള്ളിക്കാവുന്നത്ര വസ്തുതകൾ ഇതിൽ ഒരു ഡിസ്കിൽ രേഖപ്പെടുത്താം; ആവശ്യമുള്ളപ്പോൾ, രേഖപ്പെടുത്തിയ ഏതു വിവരവും ഡിസ്പ്ലേ ടെർമിനലിൽ വരുത്തുകയുമാവാം. വലിയ കമ്പനികൾ, ഓഫീസുകൾ മുതലായവയിൽ കൃത്യമായും തെററുകൂടാതെയും വസ്തുതകൾ ശേഖരിച്ചുവയ്ക്കാൻ ഇത്തരം ഒരു കമ്പ്യൂട്ടർ മതിയാവും. നമ്മുടെ സർവകലാശാലകളിലെ പരീക്ഷാവിഭാഗങ്ങൾ ഇമ്മാതിരി കമ്പ്യൂട്ടറുകൾ ഉപയോഗിച്ചു ശീഘ്രമായും ആക്ഷേപരഹിതമായും പ്രവർത്തിപ്പിക്കാവുന്നതാണു്. വാർത്താവിതരണയന്ത്രങ്ങളിൽ ദേവനാഗരിലിപി ഉപയോഗപ്പെടുത്തുന്നതിനു പല തലങ്ങളിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിജയത്തിൻെറ പ്രതീകമായിരുന്നു 'സിദ്ധാർത്ഥ'.

വിശ്വഹിന്ദി സമ്മേളനത്തിൻെറ ലക്ഷ്യം എത്രതന്നെ പ്രശംസനീയമായിരുന്നാലും, അതു സംഘടിപ്പിച്ച രീതി ആർക്കും അഭിമാനത്തിനു വക നൽകുന്നതായിരുന്നില്ല. ഇത്തരം അന്താരാഷ്ട്രീയ സമ്മേളനങ്ങൾ നടത്തുമ്പോൾ അനുപേക്ഷണീയമാണു് കാര്യക്ഷമമായ ഒരു സെക്രട്ടേറിയററ്. സ്വന്തം ഇരിപ്പിടത്തിൽ ഇരുന്നു പ്രവർത്തിക്കുന്ന സെക്രട്ടേറിയററിൻെറ അഭാവം സമ്മേളനത്തിൽ പല കുഴപ്പങ്ങൾക്കും കാരണമായി.

ഉത്തരവാദിത്വമുള്ള ഒരു പ്രവർത്തകനെയും സമ്മേളനസ്ഥലത്തോ, സമ്മേളനത്തിന്റെ ഓഫീസിലോ, മിക്കപ്പോഴും കാണാൻ കഴിഞ്ഞിരുന്നില്ല. എങ്ങോട്ടു പോകണമെന്നോ, എന്തു ചെയ്യണമെന്നോ അറിയാതെ പ്രതിനിധികളും സന്ദർശകരും വിഷമിച്ചതിന് അവസാനമില്ല. സ്ഥലജലഭ്രമം ഉളവാക്കുന്ന അതിബൃഹത്തായ ഇന്ദ്രപ്രസ്ഥ സ്റ്റേഡിയത്തിൽ സമ്മേളനത്തിന്റെ ഓഫീസ് എവിടെയാണെന്നോ, യോഗങ്ങൾ എവിടെ നടക്കുന്നുവെന്നോ അറിയിക്കുന്ന ഒരു ബോർഡുപോലും വച്ചിരുന്നില്ല. ഏറെക്കുറെ തികഞ്ഞ അവ്യവസ്ഥയായിരുന്നു എല്ലായിടത്തും. പല പ്രതിനിധികളെയും ഇതു ക്ഷുഭിതരാക്കി; ചിലർ തങ്ങളുടെ ക്ഷോഭം പ്രകടിപ്പിക്കാതെയുമിരുന്നില്ല. പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പങ്കെടുത്ത ഉദ്ഘാടന സമ്മേളനമൊഴികെ മറ്റൊരു പരിപാടിയും സമയത്തിന് ആരംഭിക്കുകയുണ്ടായില്ല.

സമ്മേളനത്തിന്റെ നടത്തിപ്പിനു രൂപവത്കരിച്ച സമിതിയെപ്പററിയും ആക്ഷേപങ്ങളുണ്ടായിരുന്നു. പാർലമെൻറ് സ്പീക്കർ ശ്രീ ഝാക്കർ അദ്ധ്യക്ഷനായ പ്രവർത്തകസമിതിയിൽനിന്ന് ഇന്ദിരാ കോൺഗ്രസുകാരല്ലാത്തവരെയെല്ലാം ഒഴിച്ചു നിർത്തിയതായി പറയപ്പെട്ടിരുന്നു. മൊറീഷ്യസിൽ നടന്ന രണ്ടാം വിശ്വഹിന്ദി സമ്മേളനത്തിൽ പ്രമുഖ പങ്കുവഹിച്ച ഡോ. കരൺസിംഗിനെ ഡൽഹി സമ്മേളന പരിസരത്തിലെങ്ങും കണ്ടിരുന്നില്ല. ഹിന്ദിയിലെ എഴുത്തുകാർ, പ്രായേണ സമ്മേളനവുമായി സഹകരിക്കാതിരിക്കുകയാണു ചെയ്തത്. ചിലർ സമ്മേളനത്തിന് എതിരായി ചില പ്രകടനങ്ങൾ നടത്താതെയുമിരുന്നില്ല. സർക്കാരിൽനിന്ന് ആനുകൂല്യങ്ങൾ നേടാനും, ഭരണരംഗത്തിലെ പ്രമുഖരുമായി സമ്പർക്കം സ്ഥാപിക്കാനും പെരുച്ചെലവിൽ കുറച്ചു സമയം രസിച്ചു ചെലവഴിക്കാനുമായി സമ്മേളനത്തിൽ സംബന്ധിച്ചവരുടെ എണ്ണം കുറവായിരുന്നില്ല എന്നു തോന്നി.

സർക്കാരിന്റെ ചെലവിലും വലിയ തോതിലും നടത്തുന്ന ഒരു 'മേള'യിൽ ഇതൊക്കെ സംഭവ്യമായിരിക്കാം. എങ്കിലും ശ്രമിച്ചിരുന്നെങ്കിൽ സംഘടനാപ്രവർത്തനങ്ങൾ കുറേക്കൂടി കാര്യക്ഷമമായും ആക്ഷേപരഹിതമായും പ്രയോജനപ്രദമായും നടത്താമായിരുന്നു എന്ന വസ്തുത അവശേഷിക്കുകതന്നെ ചെയ്യുന്നു.

സമ്മേളനത്തിന്റെ അവസാനയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ട്, പ്രശസ്ത ഹിന്ദി കവിയത്രിയും ജ്ഞാനപീഠസമ്മാനിതയുമായ ശ്രീമതി മഹാദേവിവർമ, സ്വന്തം മാതൃഭാഷയുടെ കാര്യത്തിൽ ഹിന്ദി ഭാഷികൾക്കുള്ള അവഗണനാമനോഭാവത്തെ കഠിനമായി ആക്ഷേപിച്ചു. ഇംഗ്ലീഷിലൂടെ പ്രശസ്തിയും പ്രമുഖതയും നേടുന്നതിനുള്ള ഒരു മത്സരപ്പന്തയത്തിൽ ഏർപ്പെട്ടിരിക്കയാണ് ഹിന്ദി ഭാഷാ പ്രദേശത്തിലെ ഇടത്തരക്കാർ ഇന്ന്. ഹിന്ദി മാതൃഭാഷയായ പണക്കാരാകട്ടെ പൂർണമായും പാശ്ചാത്യവൽക്കരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. നിരക്ഷരരുടെ സംഖ്യ ഏററവുമധികമുള്ള ബീഹാറിൽപോലും ഇംഗ്ലീഷ്മീഡിയം സ്കൂളുകളുടെ എണ്ണം ആണ്ടുതോറും കണക്കററു പെരുകിക്കൊണ്ടു വരുകയാണ്.

ഗാന്ധിജി 1917–ൽ പറഞ്ഞതു് 1983–ലെ ഇന്ത്യയിലും പ്രസക്തംതന്നെ: ഇത്തരം അധഃപതനത്തിന്റെ മറ്റൊരു ഉദാഹരണം ലോകചരിത്രത്തിൽ എങ്ങും കാണാൻ സാധ്യമല്ല!

(5 നവംബർ, 1983)